# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കള്ളാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എസ്.ഡി11/202/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എസ്.ഡി11/202/2022 തീയ്യതി: 09/03/2022

## കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 15-02-2022 | 22-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-02-2022 | 22-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ.കെ.പി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ഹരി വേണുഗോപാലൻ.കെ.വി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ത്രേസ്യാമ്മ ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എ.ദാമോദരൻ | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ജോസഫ്.എം.ചാക്കോ | സെക്രട്ടറി | 23-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനിൽ കുമാർ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 13-12-2019 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 14-12-2019 | 18-12-2019 |
| രവീന്ദ്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2019 | 31-03-2020 |
| വിനോദിനി.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| രാജു.കെ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 08-07-2019 |
| ഉമേഷ് കുമാർ .വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 09-07-2019 | 31-03-2020 |
| പുന്നൂസ് മാത്യൂ | പ്രധാനധ്യാപകൻ | 01-04-2019 | 13-06-2019 |
| സത്യൻ ജോസഫ് | പ്രധാനധ്യാപകൻ | 14-06-2019 | 31-03-2020 |
| ഡോ.മുരളീധരൻ.എ | വെറ്റിനറി സർജ്ജൻ | 01-04-2019 | 18-08-2019 |
| ഡോ.ജിജിൻ.എസ് | വെറ്റിനറി സർജ്ജൻ | 19-08-2019 | 31-03-2020 |
| രാജേഷ്.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 17-07-2019 |
| ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 18-07-2019 | 31-03-2020 |
| ശരണ്യ വേണു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-03-2020 |
| പ്രേമലത.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-03-2020 | 31-03-2020 |
| ഡോ.സുനിത.സി.എൻ | മെഡിക്കൽ ഓഫീലർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.ഉഷ.സി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ബേബി സിനി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 17-11-2019 |
| ഡോ.സിന്ധു വേണുഗോപാൽ | മെഡിക്കൽ ഓഫീസർ ഹോമിയോ | 18-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് - റീ കൺസിലിയേഷൻ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-1 |
| 4 | ബാലൻസ് ഷീറ്റ് - വിവിധ ന്യൂനതകൾ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-2 |
| 5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-3 |
| 6 | തനത് ഡിമാന്റ് കളക്ഷൻ വിവരങ്ങളിൽ പൊരുത്തക്കേട്.<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-4 |
| 7 | ഓഡിറ്റ് റിക്കവറി തുക-വരവിലെടുത്തതിൽ അപാകത<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-5 |
| 8 | കില- പരിശീലനച്ചെലവ് ലഭിച്ചത് ഫീസ് & യൂസർ ചാർജ്ജിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-6 |
| 9 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-2-7 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-3 |
| 11 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Thomas. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: Hari Venugopalan K V (Auditor, On 22-02-2022) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-9 |

| | | |
|---|---|---|
| 17 | സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-10 |
| 18 | എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-11 |
| 19 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-12 |
| 20 | യന്ത്രത്തിന്റെ കുതിര ശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-13 |
| 21 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-14 |
| 22 | എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് -സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-15 |
| 23 | ഇ-ടെണ്ടർ മുഖേന ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണഫീസ് ലഭ്യമാക്കിയില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-16 |
| 24 | ജീവനക്കാരുടെ സേവന പുസ്തകം പരിശോധന – അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 27-02-2022) | 1-17 |
| 25 | തെരുവ് വിളക്ക് വാങ്ങൽ - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 04-03-2022) | 1-18 |
| 26 | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം പദ്ധതി - ഫയൽ ഹാജരാക്കിയിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-19 |
| 27 | ശവ ദഹനപ്പെട്ടി വാങ്ങൽ പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-20 |
| 28 | വാദ്യകലാ സംഘം, തെയ്യംകെട്ട് സംഘം എന്നിവർക്ക് വാദ്യോപകരണങ്ങൾ പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 04-03-2022) | 1-21 |
| 29 | മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക നൽകിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-22 |
| 30 | ജല അതോറിറ്റിയിൽ നിന്നും ലഭ്യമായ 20.49 ലക്ഷം രൂപ- തനത്ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 04-03-2022) | 1-23 |
| 31 | അങ്കണവാടി പോഷകാഹാരം -കേന്ദ്ര വിഹിതം-വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 15.70 ലക്ഷം രൂപ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022) | 1-24 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | |
| 32 | അങ്കണവാടി വർക്കർമാരുടേയും,സഹായികളുടേയും ഹോണറേറിയം വിഹിതം നൽകൽ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-25 |
| 33 | കൃഷി ഓഫീസറുടെ പദ്ധതിനിർവ്വഹണത്തിലെ പോരായ്മകൾ<br>Written By: Vineeth Kumar K.P (Audit Officer, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-26 |
| 34 | വീട് വാസയോഗ്യമാക്കൽ പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-27 |
| 35 | തുണി സഞ്ചി വിതരണം - നടത്തിപ്പിലെ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-28 |
| 36 | ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ<br>Written By: Thomas. K (Asst. Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 1-29 |
| 37 | മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ആദായ നികുതി കുറവു ചെയ്തില്ല<br>Written By: Hari Venugopalan K V (Auditor, On 22-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-02-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 03-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 24-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| | Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 28-02-2022) | |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 19-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 19-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 04-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തി.23.02.2019 | 4/1 തി. 25.02.2020 |
| മുന്നിരിപ്പ് | 11775665 | 2927360 |
| വരവ് | 184068429 | 217693674 |
| ആകെ | 195844094 | 220621034 |
| ചെലവ് | 187220805 | 219660302 |
| നീക്കിയിരിപ്പ് | 8623289 | 960732 |

### 1-2 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിക്കുകയുണ്ടായി . വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് - റീ കൺസിലിയേഷൻ

ട്രഷറി ടി.എസ്.ബി. അക്കൗണ്ടിന്റെ 2020 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ചെക്കായി 19,09,726/- രൂപ (ചെക്ക് നം. 5290014/ 21.12.2019) ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ പ്രസ്തുത ചെക്ക് തുടർ വർഷങ്ങളിൽ വരവിലെടുത്ത് ക്രമീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കിയിട്ടില്ല.

### 1-2-2 ബാലൻസ് ഷീറ്റ് - വിവിധ ന്യൂനതകൾ

എ) Secured Loan From KURDFC ഇനത്തിൽ B-5 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയും (2,04,17,656) B-16 (Prepaid Programme Expenses) ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയും (2,03,87,656) തമ്മിൽ പൊരുത്തപ്പെടുന്നില്ല. പരിശോധിക്കുക.

ബി) കേരള ഗ്രാമീൺ ബാങ്ക് - സാക്ഷരത ബാങ്ക് അക്കൗണ്ടിൽ 31-3-2020 ലെ നീക്കിയിരിപ്പ് തുക 67,348/- രൂപയാണ് . എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ സാക്ഷരത വർഷാവസാന ബാധ്യതയായി ഉൾപ്പെടുത്തിയ തുക 64,802/- രൂപയാണ് .വ്യത്യാസം പരിശോധിക്കുക .

സി) ബഡ്സ് സ്കൂൾ - ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച 1,75,888/- രൂപ ബാധ്യതയായി B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയിൽ വകയിരുത്തുവാൻ അനുവദനീയമാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റെന്തെങ്കിലും പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകയാണെങ്കിൽ ആയതിന് വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ ബാധ്യതയായി ചുവടെ ചേർത്ത തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 1,89,500 |
| 320700205 | Contributions For Joint Venture Projects (For Capital Expenditure) - From Dist Panchayats | 1,78,592 |

| | | |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 62,000 |
| 320700405 | Contributions For Other Specific Purposes (For Capital Expenditure) - From Dist Panchayats) | 13,00,000 |
| 320800199 | Other Grants , Funds & Contributions For Specific Purposes- Capital | 40,15,013 |
| 320300199 | Grants, Funds & Contributions For Specific Purposes-Other Government Agencies | 7,32,782 |
| 320200322 | Grants From Suchithwa Mission | 28,91,638 |
| 320100115 | Total Sanitation Campaign | 8,16,000 |

മേൽ പരാമർശിച്ച തുകകൾ, തുടർ വർഷങ്ങളിൽ വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രത്യേക ഉദ്ദേശ പദ്ധതികൾക്കായി ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ , ഇത്തരം ഫണ്ടുകളുടെ വരവ് , വിനിയോഗം , നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുവാൻ ഒരു പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-2-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ തുകയിൽ (3,02,954/-) 2000-01 വർഷം മുതൽ ലഭിച്ച വിവിധയിനം തുകകൾ ഉൾപ്പെടുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം മൂന്നു വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

### 1-2-4 തനത് ഡിമാന്റ് കളക്ഷൻ വിവരങ്ങളിൽ പൊരുത്തക്കേട്.

എ) തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ , ബാലൻസ് തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 12,44,640 | 11,97,180 | 47,460 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 11,97,180 | 11,75,930 | - |

ബി) വസ്തു നികുതി -സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ സഞ്ചയ ഡിമാന്റ് , കളക്ഷൻ , ബാലൻസ് വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-2-5 ഓഡിറ്റ് റിക്കവറി തുക-വരവിലെടുത്തതിൽ അപാകത

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 ലെ പരാമർശ പ്രകാരം തിരികെ ഒടുക്കിയ 11,769/- രൂപയും (ARWSSഫണ്ട്) ഖ.3-2 ലെ പരാമർശ പ്രകാരമുള്ള 6,710/- രൂപയും (തനത് ഫണ്ട് & സംരക്ഷണ ഗ്രാന്റ് റോഡ്) വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ വരവിൽ എടുക്കേണ്ടതിന് പകരം, RP-26 Prior Period Item എന്ന ഹെഡ്ഡിൽ മൈനസ്സ് എൻട്രിയായി ഉൾപ്പെടുത്തിക്കാണുന്നു. പ്രസ്തുത തുകകളിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതും , തനത് ഫണ്ടിൽ / പ്രത്യേക ഉദ്ദേശ ഫണ്ടിൽ ക്രമീകരിക്കേണ്ടവ ബന്ധപ്പെട്ട ഫണ്ടിലേയ്ക്കും ക്രമീകരിക്കേണ്ടതാണ്.

### 1-2-6 കില- പരിശീലനച്ചെലവ് ലഭിച്ചത് ഫീസ് & യൂസർ ചാർജ്ജിൽ

ഉൾപ്പെടുത്തിയിരിക്കുന്നു.

2019-20 വർഷം മേൽ ഇനത്തിൽ ലഭിച്ച 19,700/- രൂപ RP-31 (ഗ്രാന്റ്സ് ഫണ്ട്സ് ഫോർ സ്പെസിഫിക് പർപ്പസ്) എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിന് പകരം RP-4 ഫീസ് & യൂസർചാർജ്ജ് എന്ന ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക റീ ഇമ്പേഴ്സ് ചെയ്തതാണെങ്കിൽ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുകയും, അല്ലെങ്കിൽ ബാധ്യതയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### 1-2-7 മറ്റ് അപാകതകൾ

എ) മഴക്കാല പൂർവ്വ ശുചിത്വ പദ്ധതിയ്ക്കായി മെഡിക്കൽ ഓഫീസർക്ക് 2019-20 വർഷം മുൻകൂറായി നൽകിയ 1,40,000/- രൂപ ക്രമീകരിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ബി) ആസ്തി രജിസ്റ്ററിൽ 2019-20 വർഷം ആർജ്ജിച്ച ആസ്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല

സി) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല..

ഡി) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ധനകാര്യപത്രിക പരിശോധനയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്കുള്ള മറുപടി ബന്ധപ്പെട്ട രേഖകൾ/ വിശദീകരണങ്ങൾ സഹിതം ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 18275527 |
| വരവ് | 64064820 |
| ആകെ | 82340347 |
| ചെലവ് | 63747626 |
| നീക്കിയിരിപ്പ് | 18592721 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 11958000 | 11958000 | 9540874 | 2417126 | 79.78 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 252000 | 252000 | 64352 | 187648 | 25.53 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 18472000 | 18472000 | 11945392 | 6526608 | 64.66 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 12760000 | 12760000 | 4660999 | 8099001 | 36.52 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3513000 | 3513000 | 1773607 | 1739393 | 50.48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9142254 | 9142254 | 1975072 | 7167182 | 21.60 |
| ആകെ | 0 | 56097254 | 56097254 | 29960296 | 26136958 | 53.40 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9011032 | 9011032 | 9011032 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 34940 | 34940 | 34940 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10842451 | 10842451 | 10842451 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4660999 | 4660999 | 4660999 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 1773607 | 1773607 | 1773607 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1975072 | 1975072 | 1975072 | 0 |
| ബിഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | | 4080 | 4080 | 4080 | |
| വിവാഹ ധനസഹായം | | 180000 | 180000 | 180000 | |
| തൊഴിലുറപ്പ് പദ്ധതി 100 ദിന ഇൻസെന്റീവ് | | 333000 | 333000 | 333000 | |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 6492017 | 9752260 | 16244277 | 11055513 | 5188764 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 304900 | 1067248 | 1372148 | 1120648 | 251500 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 1478665 | 597056 | 2075721 | 597129 | 1478592 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 1136255 | 1112691 | 2248946 | 1700685 | 548261 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 975202 | 845595 | 1820797 | 250000 | 1570797 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ 320100115 | 0 | 972000 | 972000 | 156000 | 816000 |
| പശ്ചിമഘട്ട വികസന പദ്ധതി | 39381 | 1575 | 40956 | 0 | 40956 |
| ARWSS | 14764 | 0 | 14764 | 0 | 14764 |
| NPRPD | 111582 | 0 | 111582 | 0 | 111582 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 64802 | 2546 | 67348 | 0 | 67348 |
| ശുചിത്വ മിഷൻ | 2891638 | 0 | 2891638 | 0 | 2891638 |
| വിമുക്തി | 43900 | 0 | 43900 | 0 | 43900 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 4574421 | 4574421 | 4574421 | 0 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 9420000 | 9420000 | 9420000 | 0 |
| ബഡ്സ് സ്കൂൾ നടത്തിപ്പ് | 0 | 172888 | 172888 | 0 | 172888 |
| മറ്റ് സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ 320800199 | 5924739 | 0 | 5924739 | 1909726 | 4015013 |
| മുൻ വർഷങ്ങളിൽ കേരള ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗിക്കാത്ത വികസനഫണ്ട് തുക തിരികെ ലഭിച്ചത് - | 2049383 | 0 | 2049383 | 0 | 2049383 |

1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 91,08,152/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 2,53,73,813/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,51,43,800/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം | അടങ്കൽ | നടപ്പാ | ചെലവ് | ഭാഗീകമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | ക്കിയത് | | നടപ്പാക്കിയത് | ത്തവ | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 143596644 | 108 | 51692522 | - | 155 | 41.06 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 6463124 | 17 | 2986730 | 46.21 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 7115578 | 6 | 3229637 | 45.38 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 148 | 40960094 | 31 | 10185583 | 24.86 |
| 4 | കൃഷി ഓഫീസർ | 19 | 4106652 | 15 | 1832728 | 44.62 |
| 5 | വെറ്റിനറി സർജ്ജൻ | 12 | 2354523 | 12 | 1920779 | 81.57 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 72985238 | 12 | 23957354 | 32.82 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 5994950 | 8 | 5148361 | 85.87 |
| 8 | പ്രധാനാധ്യാപകൻ | 9 | 1375305 | 1 | 370605 | 26.94 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 650000 | 2 | 640500 | 98.53 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 4 | 991180 | 3 | 820245 | 82.75 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 600000 | 1 | 600000 | 100 |
| | ആകെ | 263 | 143596644 | 108 | 51692522 | 35.99 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 11,36,255 | 11,12,691 | 22,48,946 | 17,00,685 | 5,48,261 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2,53,73,813 | 2,53,73,813 | 2,53,73,813 | 0 |
| ആകെ | 11,36,255 | 2,64,86,504 | 2,76,22,759 | 2,70,74,498 | 5,48,261 |

(കൂടാതെ 2018-19 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ 3,33,000/-

രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്.)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1201പദ്ധതികളുൾപ്പെടുന്ന 7,33,85,702 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 381 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 83,264 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 295 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 408000 | 61 |
| വിധവാപെൻഷൻ | 4657200 | 805 |
| വാർദ്ധക്യകാലപെൻഷൻ | 8372700 | 1442 |
| വികലാംഗപെൻഷൻ | 1529500 | 266 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 176400 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2022 തീയ്യതിയിൽ 3.10 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 26,190/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ജീവനക്കാരുടെ ജോലി വിഭജനം

പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയ വിശദമായ ഓഫീസ് ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഹാജരാക്കിയ ഓഫീസ് ഓർഡർ രജിസ്റ്ററിൽ പുതിയ ചുമതലകൾ വരുന്നതിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടിചേർക്കലുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

2) വിവിധ കമ്മറ്റികൾ

ഭരണസമതിയുൾപ്പടെയുള്ള വിവിധ കമ്മറ്റികൾ ഓഡിറ്റ് വർഷം ചുവടെ ചേർത്ത പ്രകാരം യോഗം ചേർന്നിട്ടുണ്ട്.

| ക്രമ നം | കമ്മിറ്റി | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഭരണ സമിതി | 30 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 16 |
| 3 | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 20 |
| 4 | ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 20 |
| 5 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 16 |
| 6 | ഓഡിറ്റ് മോണിറ്ററിംഗ് സമിതി | 9 |
| 7 | പ്രൊക്യൂർമെന്റ് സമിതി | 3 |

(3)ഓഫീസ് യോഗങ്ങൾ

ഓഡിറ്റ് വർഷം എല്ലാ മാസവും ഓഫീസ് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്

4) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5) പേഴ്സണൽ രജിസ്റ്റർ

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും മേലധികാരിക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

6)അക്കൗണ്ടിന്മേലുള്ള നിയന്ത്രണം

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

7)ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

8)പുതിയ വരുമാന സ്രോതസ്സുകൾ

പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിംങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല,

9) ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നാളിതുവരെ പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കുവാനവശേഷിക്കുന്ന ഖണ്ഡികകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 1,80,422 |
| വാട്ടർ ചാർജ്ജ് (Code No 230110102) | 43,707 |
| ആകെ | 2,24,129 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ് മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1493 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1188 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 117 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 80 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 2 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 39 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 9 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 23 |
| | 2 | ഇതര വ്യവസായം | 34 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 377 എണ്ണം മാത്രമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം, അപേക്ഷ കന്റെ പേര്, വിശദാംശങ്ങൾ | രസീത് നം, തീയ്യതി | മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 01/19-20, ബിജു തോമസ്, കരിങ്കൽ ക്വാറി, കുറുമാനം | 118030 -104821, തീയ്യതി 21.02.2019 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള 14.07.2017 തീയ്യതിയിലെ PCB/ KSRD/ICO/2125/ 2015 നം. സാക്ഷ്യ പത്രത്തിൽ രേഖപ്പെട്ടു ത്തിയ മൂലധന നിക്ഷേപം<br>1,00,00,000/- രൂപ | 4000/- | 5000/- | 1000/- |
| 2 | നം. 316/19-20, സകലൻ ഗോപാലൻ, വി & വി ഫ്യൂവൽസ് മാലക്കല്ല് | 118030- 105323, തീയ്യതി 01.03.2019 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള 21.10.2017 തീയ്യതിയിലെ PCB/ KSRD/ICO/1768/ 2017 നം. സാക്ഷ്യപത്ര ത്തിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം<br>69,90,000/- രൂപ | 4000/- | 5000/- | 1000/- |
| 3 | നം. 364/19-20, സിറിൽ മോൻ സാബു, ഹോളി ഫാമിലി ഹെവി ലിഫ്റ്റേഴ്സ്, പൂടംകല്ല് | 119030-104395, തീയ്യതി 03.02.2020 | അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം 5,00,000/- രൂപ | 400/- | 500/- | 100/- |
| 4 | നം. 369/19-2, രഞ്ജിത് കെ പി, വൺ സീറോ കമ്പ്യൂട്ടർ സർവ്വീസ് | 118030-105099, തീയ്യതി 25.02.2020 | അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം 2,50,000/- രൂപ | 300/- | 400/- | 100/- |
| | | | ആകെ | | | 2200/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 09/21.02.2022)

1-13 യന്ത്രത്തിന്റെ കുതിര ശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ

ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപന ഉടമയുടെ പേര്, സ്ഥാപനം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | 19/19-20 | ടിജു തോമസ്, സെന്റ് ജോസഫ് ഓയിൽ റൈസ് & ഫ്ളോർ മില്ല് | 15 HP | 200/- |
| 2 | 163/19-20 | നൗസി മോൾ പി, വിവിഡ് പ്രിന്റിംഗ് പ്രസ്സ് | 2 HP | 50/- |
| 3 | 199/19-20 | ബിജു അഗസ്റ്റിൻ, ബി എൻ ഫ്ളോർ & ഓയിൽ മില്ല് | 10 HP | 100/- |
| 4 | 204/19-20 | ബിജു മാത്യു, എയ്ഞ്ചൽ സ്റ്റീൽ വർക്സ് | 10 HP | 100/- |
| 5 | 208/19-20 | ശ്രീനിവാസൻ കെ, സ്റ്റാർ എഞ്ചിനീയറിംഗ് വർക്സ് | 4 HP | 50/- |
| 6 | 238/19-20 | ജോഷി കെ വി, എസ് & എസ് വാട്ടർ സർവീസ് സ്റ്റേഷൻ | 3 HP | 50/- |
| 7 | 305/19-20 | ജോണി ആലക്കാൽ ഹൗസ്, ക്വാളിറ്റി എഞ്ചിനീയറിംഗ് വർക്സ് | 3 HP | 50/- |
| 8 | 371/19-20 | തോമസ് വി സി, രാമച്ചനാട്ട് എഞ്ചിനീയറിംഗ് വർക്സ് | 5 HP | 50/- |
| ആകെ | | | | 650/- |

യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 07/21.02.2022)

## 1-14 തൊഴിൽ നികുതി -അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) റിട്ടേണുകളിൽ മിനിമം വേതനം കാണിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബ്ലൂൺ പബ്ലിക് സ്കൂൾ കള്ളാർ പി.ഒ. മാലക്കല്ല് എന്ന സ്ഥാപനത്തിലെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും വേതനം വളരെ കുറവ് കണക്കാക്കി പരിധിയിലെ മിനിമം തൊഴിൽ നികുതിയാണ് അടവാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിദ്യാഭ്യാസ വകുപ്പിന്റെ 14.02.2011 ലെ G.O (M.S) No. 36/11/G.Edn ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം ഹെഡ് മാസ്റ്റർക്ക് 7,000/- രൂപ, എച്ച്. എസ്. എ. 6,000/- രൂപ, ക്ലാർക്ക് 4,000/- രൂപ പ്രകാരമാണ് പ്രതിമാസ ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിനു

അനുസൃതമായി തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതിന് ഓഡിറ്റ് എൻക്വയറി നം. 05/21.02.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന മേധാവി മിനിമം വേതനം നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവുവന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | രാജപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | മാലക്കല്ല് ക്ഷീരോൽപ്പാദക സഹകരണ സംഘം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കൊട്ടോടി ക്ഷീരോൽപ്പാദക സഹകരണ സംഘം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | കോളിച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 05/21.02.2022) ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നികുതി നോട്ടീസ് നൽകി തുക പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ആർ പ്രഭാകരൻ, അറ്റന്റർ | ഗവ. ഹോമിയോ ഡിസ്പെൻസറി, രാജപുരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 05/21.02.2022)

## 1-15 എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് -സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2019-20 കാലയളവിൽ എഫ്.ടി.ഇ.&ഒ. ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | സെലിൻ മാത്യു | 6-109 C | ടെക്സ്റ്റൈൽസ് | 4 |
| 2 | നൗസി മോൾ പി | 8-09 | പ്രിന്റിംഗ് പ്രസ്സ് | 2 |
| 3 | ടി യു മത്തായി | 10-164 | ടൂർസ് & ട്രാവൽസ് | 2 |
| 4 | ബിനോയ് ജോൺ | 4-89 | ഓട്ടോമൊബൈൽസ് | 3 |
| 5 | സാലു ജോസഫ് | 4-266 | സോഡ നിർമാണം | 3 |
| 6 | മനോജ് വി | 13-3 A | ഭക്ഷണ പദാർത്ഥങ്ങളുടെ നിർമാണം | 3 |
| 7 | സന്തോഷ് ജോസഫ് | 3-88 A | സിമന്റ് ഉദ്പന്നങ്ങളുടെ നിർമാണം | 4 |
| 8 | ജോസ് മോൻ സിറിയക് | 12-414 | എഞ്ചിനീയറിംഗ് വർക്സ് | 6 |
| 9 | അബ്ദുൾ നാസർ ടി എം | 4-82 | പ്രിന്റിംഗ് പ്രസ്സ് | 3 |
| 10 | ഷിബി | 14-71 A | ഇന്റർലോക്ക് നിർമാണം | 5 |
| 11 | സകുലൻ ഗോപാലൻ | 3-175 A | പെട്രോൾ പമ്പ് | 8 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (05/21.02.2022) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി തുക പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-16 ഇ-ടെണ്ടർ മുഖേന ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണഫീസ് ലഭ്യമാക്കിയില്ല.

ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതിനായി എസ്.ബി.ഐ. ഹോസ്ദുർഗ് ശാഖയിൽ കള്ളാർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് (നം.37317593248) 28-11-2017 ൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുമുമ്പുള്ള കാലയളവിൽ ഈയിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ഇതേവരെയായി തിരികെ ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരമുള്ള തുകയുടെ കൃത്യമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ജീവനക്കാരുടെ സേവന പുസ്തകം പരിശോധന – അപാകത

2019-20 വർഷത്തെ ഓഡിറ്റ് പരിശോധനയുടെ ഭാഗമായി നിലവിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധന നടത്തിയിട്ടുണ്ട്. 7 ജീവനക്കാരുടെ സേവന പുസ്തകത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.സുദേവൻ.കെ - ഹെഡ് ക്ലാർക്ക് - പെൻ -585098

പേജ് നം. 46 ൽ 1.7.2020 ൽ ഇൻക്രിമെന്റ് അനവദിച്ചത് പേ 51400/- രൂപയിൽ നിന്നും 52600/- രൂപയായി ഉയർത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1.4.2020 മുതൽ 31.3.2021 വരെയുള്ള ഒരു വർഷത്തെ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

2.അബ്ദുൾ റസാഖ്.എ – ക്ലാർക്ക് - പെൻ -585016

ടിയാന് ജനവരി മാസമാണ് ഇൻക്രിമെന്റ്. പേജ് നം.44 ൽ ഇൻക്രിമെന്റ് അനവദിച്ചത് തിയ്യതി ചേർത്തതിൽ തെറ്റ് വന്നിട്ടുണ്ട്. 1.1.2022 ആണ് ഇൻക്രിമെന്റ് തിയ്യതി പേ 45600/- രൂപയിൽ നിന്നും 46700/-രൂപയായി ഉയർന്നു. സേവനപുസ്തകത്തിൽ 31.1.2022 ന് തിയ്യതി വച്ച് ക്ലോസ്സ് ചെയ്ത് 1.2.2022 എന്നാണ് ഇൻക്രിമെന്റ് തിയ്യതി ചേർത്തത്, അത്പോലെ 16.7.2018 ന് ശേഷം സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

3.ബേബി.പി - സീനിയർ ക്ലാർക്ക് - പെൻ -728877

ടിയാരിക്ക് നവംബർ മാസമാണ് ഇൻക്രിമെന്റ്. പേജ് നം.26 ൽ 1.11.2021 ന് ഇൻക്രിമെന്റ് അനവദിച്ച, പേ 35600/-രൂപയിൽ നിന്നും 36500/-രൂപയായി ഉയർത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പേജ് നം.33 ൽ ഉത്തരവ് നം.SC1-3767/2021/Dt.26.10.2021 പ്രകാരം 27.10.21 മുതൽ 15.11.21 വരെ 20 ദിവസം കമ്മ്യൂട്ടഡ് ലീവ് അനവദിച്ചിട്ടുണ്ട്. ഈ വിവരം HPL അക്കൗണ്ടിൽ ചേർത്ത് ക്രമീകരിച്ചിട്ടില്ല.

4.ജോസ്.വി - സീനിയർ ക്ലാർക്ക് - പെൻ -847749

ഉത്തരവ് നം.DDP/KSD/ 2409/2020/SC5/ Dt.27.7.2021പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കള്ളാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 31.7.2021 ന് വിടുതൽ ചെയ്ത് 3.8.2021 നാണ് കള്ളാർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത്. പേജ് നമ്പർ 50 ൽ പേ സംബന്ധമായ വിവരങ്ങൾ ചേർക്കുന്നിടത്ത് ജോലിയിൽ പ്രവേശിച്ച തിയ്യതി 1.8.2021 എന്നാണ് ചേർത്തിരിക്കുന്നത്. 1.8.21, 2.8.21 എന്നിവ ട്രാൻസിറ്റ് പിരിയഡ് ആയി കാണിക്കേണ്ടതാണ്. 31.8.2019 ന് ശേഷം സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല. ആർജ്ജിതാവധി അക്കൗണ്ടിൽ പേജ് നമ്പർ 114 ൽ 1.4.19 മുതൽ 31.3.2020 വരെ 365 ദിവസം എന്നാണ് കണക്കാക്കിയത്, 366 ദിവസമാണ്.

5.ജയരാജൻ.പി.വി - അക്കൗണ്ടന്റ് - പെൻ - 817923

31.3.2019 ന് ശേഷം സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

6.അബ്ദുള്ള കുഞ്ഞി.എം - ക്ലാർക്ക് - പെൻ -848168

പേജ് നം.20- ഉത്തരവ് നം.DDP-KSD/ 2409/2020/SC5/ Dt.16.7.21 പ്രകാരം ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ നിന്നും കള്ളാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 30.7.2021 ന് വിടുതൽ ചെയ്തു. 3.8.21 ന് ജോലിയിൽ പ്രവേശിച്ചുവെങ്കിലും പേ സംബന്ധമായ വിവരങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അത്പോലെ ബേഡഡുക്കയിൽ നിന്നും വിടുതൽ ചെയ്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആർജ്ജിതാവധി അക്കൗണ്ടിൽ പേജ് നമ്പർ 114 ൽ 1.4.19 മുതൽ 31.3.2020 വരെ 365 ദിവസം എന്നാണ് കണക്കാക്കിയത്, 366 ദിവസമാണ്.

7.ഷാജി മാത്യു - ഓഫീസ് അറ്റന്റന്റ് - പെൻ - 828921

ടിയാന് ഒക്ടോബർ മാസമാണ് ഇൻക്രിമെന്റ്. 1.10.2020 ന് ഇൻക്രിമെന്റ് അനുവദിച്ചത് മാത്രമെ ചേർത്തിട്ടുള്ളൂ. അടുത്ത ഇൻക്രിമെന്റ് 1.10.2021 ന് അനുവദിച്ചത് പേ 32900/- രൂപയിൽ നിന്ന് 33800/- രൂപയായി ഉയർത്തിയത് സേവനപുസ്തകത്തിൽ ചേർത്തിട്ടില്ല. -പേജ് നം.36. 31.3.2020 ന് ശേഷം സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

8.അക്ഷയ് കുമാർ.എ – ക്ലാർക്ക്

ഉത്തരവ് നം.DDP/KSD/ 2409/2020/ Dt.6.8.21 പ്രകാരം മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ നിന്നും കള്ളാർ ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ചു.1.9.2021ന് മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും 2.9.2021 ന് കള്ളാർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ സേവന പുസ്തകം നാളിതുവരെയായി മംഗൽപാടി ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. 2.9.2021 ന് തന്നെ കത്ത് നം.SC1/2941/2021 പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിച്ച വിവരം അറിയിക്കുകയും സേവനപുസ്തകം, അനുബന്ധ രേഖകൾ അയച്ചുതരാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സേവന പുസ്തകത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.20/22.02.2022)

1-18 തെരുവ് വിളക്ക് വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0002/20

1.അടങ്കൽ - 3,00,840/- രൂപ – ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - ഇല്ല (ബില്ല് നം.30/19-20/31.3.2020 പ്രകാരം ബില്ല് ട്രഷറിയിൽ സമർപ്പിച്ചത് ക്യൂ ബിൽ )

2.അടങ്കൽ - 4,64,160/-രൂപ – തനത് ഫണ്ട്

ചെലവ് - 4,64,160/-രൂപ

വൗച്ചർ നം.21901136/30.3.2020 – 4,64,160/-രൂപ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് എൽ.ഇ.ഡി. തെരുവ് വിളക്കുകൾ വാങ്ങാനുള്ളതാണ് ഈ പദ്ധതി. 4.12.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം. (3) പ്രകാരം ഇവ കേരളാ ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. കത്ത് നം.എ-2-4333/19(3)/ തിയ്യതി 12.12.2019 പ്രകാരം കേരളാ ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് സപ്ലൈ ഓർഡർ നൽകി. 19.12.2019 ന് സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചു. ഇൻവോയ്സ് നം.0626/ 29.1.2020 പ്രകാരം സ്ഥാപനം 255 എണ്ണം LED 24 Watt ഓട്ടോമാറ്റിക് തെരുവ് വിളക്ക് വിതരണം ചെയ്തു. ആകെ ഇൻവോയ്സ് തുക 7,65,000/- രൂപ. അതിൽ 4,64,160/- രൂപ വൗച്ചർ നം.21901136/ 30.3.2020 പ്രകാരം സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.(അക്കൗണ്ട് നം.57033061452/എസ്.ബി.ഐ. )

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) 4.12.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.(3) പ്രകാരം ഇവ കേരളാ ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കുണ്ടറ, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. പർച്ചേസിന് മുമ്പ് വില സ്പെസിഫിക്കേഷൻ എന്നിവയടക്കമുള്ള പ്രൊഫോർമ ഇൻവോയ്സ് സ്ഥാപനം ഹാജരാക്കിയിട്ടുണ്ടോ, ഇതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയിട്ടാണോ പർച്ചേസ് നടത്തിയത് എന്നതിന് ആധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2). എൽ.ഇ.ഡി. 24 Watt ഓട്ടോമാറ്റിക് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മേൽനോട്ടം വഹിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3). ആകെ 255 എണ്ണം എൽ.ഇ.ഡി.24 Watt ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ കേരളാ ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് കമ്പനി സമർപ്പിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4). ആകെ 255 എണ്ണം എൽ.ഇ.ഡി. 24 Watt ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് പ്രകാരമാണോ തുക നൽകിയത് എന്നതിന് ആധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/ 21.02.2022 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,64,160/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-19 കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം പദ്ധതി - ഫയൽ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 72,100/-രൂപ – ടി.എസ്.പി

ചെലവ് - 72,070/-രൂപ

ബിൽ നം.17/2019-20/ 13.2.2020 - 41,055/-രൂപ

ബിൽ നം.19/2019-20/ 13.2.2020 - 31,015/-രൂപ

സെക്രട്ടറി 2019-20 വർഷത്തിൽ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളോ അനുബന്ധരേഖകളോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഹാജരാക്കാത്ത പക്ഷം ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കാൻ നിർദ്ദേശിക്കുന്നതാണ്. ചെലവ് തുക 72,070/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് റിക്വിസിഷൻ നം.02/21.2.2022, ഓഡിറ്റ് എൻക്വയറി നം.18/21.02.2022)

## 1-20 ശവ ദഹനപ്പെട്ടി വാങ്ങൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0160/19-20

അടങ്കൽ - 1,31,000/-രൂപ – ടി.എസ്.പി

ചെലവ് - 1,28,000/-രൂപ

ബിൽനം.04/2019-20/29.4.2019 – 1,28,000/-രൂപ

ശവ ദഹനപ്പെട്ടി വാങ്ങാനുള്ള ഈ പദ്ധതി 2018-19 വർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചതാണ്. പദ്ധതി ആ വർഷം പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയായിരുന്നു. പദ്ധതി നടത്തിപ്പിന് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം 5.2.2019 ന് എസ്.എസ്.വി. എന്റർപ്രൈസസ്, മടിക്കൈ എന്ന സ്ഥാപനം സമർപ്പിച്ച ശവ ദഹനപ്പെട്ടി ഒന്നിന് 64000/- രൂപ എന്ന കുറഞ്ഞ തുകയുടെ ക്വട്ടേഷൻ അംഗീകരിച്ചാണ് പ്രവർത്തി നടപ്പിലാക്കിയത്. 5.3.2019 ലെ ഭരണ സമിതി തീരുമാനം നം.5(1) പ്രകാരമാണ് ക്വട്ടേഷൻ അംഗീകരിച്ചത്. 15.3.2019 ന് സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. 27.3.2019 ലെ ഇൻവോയ്സ് നം.7 പ്രകാരം എസ്.എസ്.വി. എന്റർപ്രൈസസ്, മടിക്കൈ രണ്ടു ശവ ദഹനപ്പെട്ടി വിതരണം ചെയ്തു. സ്ഥാപനവുമായി ഒപ്പ് വച്ച കരാർ ഹാജരാക്കിയിട്ടുണ്ട്. ബിൽ നം. 04/2019-20/ 29.4.2019 പ്രകാരം 1,28,000/- രൂപ എസ്.എസ്.വി.

എന്റർപ്രൈസസ്, മടിക്കൈയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.4322000100023501/കർണ്ണാടക ബാങ്ക്, കാഞ്ഞങ്ങാട്).

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ശവ ദഹനപ്പെട്ടിയുടെ സ്പെസിഫിക്കേഷൻ ഇപ്രകാരമാണ്, പ്ലേറ്റിന്റെ കനം 10 മുതൽ 12 വരെ എം.എം ഗുണമേന്മയുള്ള ഉരുക്ക് കൊണ്ട് നിർമ്മിച്ചത്, നീളം 2015 മീറ്റർ, വീതി 70.75 സെ.മീ, റോഡുകൾ 5 എണ്ണം, കൂടെ സ്ട്രക്ചർ & റെയിൽ. സ്ഥാപനം വിതരണം ചെയ്ത ശവദഹനപ്പെട്ടി സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണമേന്മ പരിശോധന വിദഗ്ദരെക്കൊണ്ട് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.എസ്.എസ്.വി. എന്റർപ്രൈസസ്, മടിക്കൈ ക്വട്ടേഷനോടൊപ്പം ഇ.എം.ഡി. 1400/-രൂപ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പർച്ചേസിന് പ്രൊക്യൂർമെന്റ് കമ്മിറ്റി അനുമതി നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ശവ ദഹനപ്പെട്ടി രണ്ടെണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5.ശവ ദഹനപ്പെട്ടി രണ്ടെണ്ണം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ഇവ കൈപ്പറ്റിയ സംഘവുമായി കരാർ ഒപ്പു വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.16/ 21.02.2022 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്, അതുവരെ ചെലവ് തുക 1,28,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 വാദ്യകലാ സംഘം, തെയ്യംകെട്ട് സംഘം എന്നിവർക്ക് വാദ്യോപകരണങ്ങൾ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0161/19-20

അടങ്കൽ - 6,00,000/- രൂപ – ടി.എസ്.പി

ചെലവ് - 4,95,000/- രൂപ

ബില്ല് നം.02/2019-20/ 29.4.2019 – 4,95,000/- രൂപ

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന വാദ്യ കലാകാരന്മാരുടെ സംഘത്തിനും, തെയ്യം കലാ കാരന്മാരുടെ സംഘത്തിനും വാദ്യോപകരണങ്ങൾ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ രൂപം കൊടുത്ത ഈ പദ്ധതി 2019-20 വർഷത്തിൽ സ്പിൽ ഓവർ ആയി പൂർത്തീകരിക്കുകയായിരുന്നു. ഓൺലൈൻ ടെണ്ടർ വഴി നടപ്പിലാക്കിയ ഈ പദ്ധതിക്ക് Aaps ഇന്ററാക്ടീവ് ടെക്നോളജീസ്, കൊച്ചി, എറണാകുളം ജില്ല എന്ന സ്ഥാപനം സമർപ്പിച്ച 4,95,000/- രൂപയുടെ കുറഞ്ഞ തുക ക്വാട്ട് ചെയ്തത് അംഗീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. 20 എണ്ണം ചെണ്ട, 20 എണ്ണം വലം തല ചെണ്ട, 10 എണ്ണം ഇലത്താളം എന്നിവയാണ് പദ്ധതി പ്രകാരം വാങ്ങിക്കാൻ തീരുമാനിച്ചത്. ഇൻവോയ്സ് നം.119/ 25.3.2019 പ്രകാരം Aaps ഇന്ററാക്ടീവ് ടെക്നോളജീസ്, കൊച്ചി 20 എണ്ണം ചെണ്ട, 20 എണ്ണം വലം തല ചെണ്ട, 10 എണ്ണം ഇലത്താളം എന്നിവ വിതരണം ചെയ്തു. ബിൽ നം.02/2019-20/ 29.4.2019 പ്രകാരം 4,95,000/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.3577379895/കാനറാ ബാങ്ക്). താഴെപ്പറയും പ്രകാരം 5 സംഘങ്ങൾക്ക് 4 എണ്ണം ചെണ്ട, 4 എണ്ണം വലം തല ചെണ്ട, 2 എണ്ണം ഇലത്താളം വീതം വിതരണം ചെയ്തിട്ടുണ്ട്.

1.ശ്രീഹരി വാദ്യകലാ സംഘം, ചെറു പനത്തടി

2.ശ്രീ ശിവശക്തി വാദ്യകലാസംഘം, കരിന്ത്രംകല്ല്

3.പ്രിയദർശിനി വാദ്യകലാസംഘം, കാഞ്ഞിരത്തടി

4.പൂക്കന്നം കുറുവാട്ട് തറവാട് ശ്രീ കരിഞ്ചാമുണ്ടി വിഷ്ണുമൂർത്തി ദേവസ്ഥാനം

5.ശ്രീ കരിഞ്ചാമുണ്ടേശ്വരി തെയ്യം കലാസംഘം, കോട്ടക്കുന്ന്

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഈ പദ്ധതിക്കായി Aaps ഇന്ററാക്ടീവ് ടെക്നോളജീസ്, കൊച്ചി സമർപ്പിച്ച ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ആകെ 4,95,000/- രൂപയുടെ പർച്ചേസ് ആണ് നടത്തിയത്. തുക നൽകുമ്പോൾ ആദായനികുതി, ജി.എസ്.ടി ഇനത്തിൽ സോഴ്സിൽ നിന്നും തുക ഈടാക്കാതെ മുഴുവൻ തുകയും നൽകി. 2% ആദായനികുതി ഇനത്തിൽ 9900/- രൂപ, 2%ജി.എസ്.ടി. (1+1) ഇനത്തിൽ 9900/- രൂപ എന്നിങ്ങനെ ആകെ 19800/- രൂപ കിഴിവ് ഈടാക്കിയിട്ടില്ല.

4.2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിക്ക് കൃത്യമായി അന്തിമ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കാതെയാണ് പർച്ചേസ് നടത്തിയത്. ( ബില്ല് ക്യൂ വിലായതിനാൽ പേമെന്റ് മാത്രം 2019-20 വർഷത്തിൽ നടന്നു) വാങ്ങിയ 5 യൂണിറ്റിൽ 4 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. 1 യൂണിറ്റ് ബാക്കിയായത് 3.1.2022 ൽ ശ്രീ കരിഞ്ചാമുണ്ടേശ്വരി തെയ്യം കലാ സംഘം, കോട്ടക്കുന്നിന് അവരുടെ 27.12.2021 ലെ അപേക്ഷ പ്രകാരം നൽകുകയാണ് ചെയ്തത് (ഭരണസമിതി തീരുമാനം നം.1(5)/തിയ്യതി-23.12.2021). 2018-19 വർഷത്തിൽ പർച്ചേസ് നടത്തിയ 5 യൂണിറ്റ് വാദ്യോപകരണങ്ങളിൽ ഒരു യൂണിറ്റ് 2019-20, 2020-21 എന്നീ 2 സാമ്പത്തിക വർഷം കഴിഞ്ഞ് 2021-22 വർഷത്തിന്റെ അവസാനമാണ് വിതരണം ചെയ്തത്. അന്തിമ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാതെ കൃത്യമായി എണ്ണം നിശ്ചയിക്കാതെ പർച്ചേസ് നടത്തുകയാണ് ചെയ്തത്.

5.ക്രമ നം.(4) പ്രകാരമുള്ള പൂക്കന്നം കുറുവാട്ട് തറവാട് ശ്രീ കരിഞ്ചാമുണ്ടി വിഷ്ണുമൂർത്തി ദേവസ്ഥാനം ഒരു തറവാട് ആണ്, വാദ്യകലാസംഘം അല്ല, തറവാട് / കുടുംബമാണ്. സമർപ്പിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നം.158/09/ തിയ്യതി 13.5.2009 പ്രകാരം പൂക്കന്നം കുറുവാട്ട് തറവാട് ദേവസ്ഥാനം എന്ന നിലയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പൊതുവായി എല്ലാവരും അടങ്ങിയ വാദ്യകലാ സംഘം, തെയ്യംകെട്ട് സംഘം എന്നീ രീതികളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കാണ് വാദ്യോപകരണങ്ങൾ നൽകേണ്ടത്.

ഓഡിറ്റ് എൻക്വയറി നം.17/21.02.2022 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,95,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക നൽകിയത്

വൗച്ചർ നം.21900540/ 22.10.2019 - 50,000/- രൂപ

ചെക്ക് നം. 07000546/ 21.10.2019

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് കളക്ടറേറ്റിൽ ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.1414/2019/ തസ്വഭവ/തിയ്യതി - 8.7.2019 പ്രകാരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1,00,000/- രൂപ വീതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ് കത്ത് നം.ഡി.ഡി.പി/ കെ.എസ്.ഡി/ 2077/2019- എസ്.സി9/ തിയ്യതി -30.7.2019 പ്രകാരം പ്രകാരം 50,000/- രൂപ ബഹു.ജില്ലാകളക്ടറുടെ പേരിൽ എസ്.ബി.ഐ. കളക്ടറേറ്റ് ശാഖയിലുള്ള അക്കൗണ്ട് നം.67201181832 ലേക്ക് കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 30.7.2019 ലെ ഭരണ സമിതി തീരുമാനം നം.16(1) പ്രകാരം 50,000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. വൗച്ചർ നം.21900540/ 22.10.2019 പ്രകാരം 50,000/- രൂപ അക്കൗണ്ട് നം.6720181832 ലേക്ക് കൈമാറിയിട്ടുണ്ട്.

ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.12/21.02.2022)

1-23 ജല അതോറിറ്റിയിൽ നിന്നും ലഭ്യമായ 20.49 ലക്ഷം രൂപ- തനത്ഫണ്ടിൽ സൂക്ഷിക്കുന്നു

ബാലൻസ് ഷീറ്റിൽ B-9 ഷെഡ്യൂളിൽ ഹെഡ്ഡ് 350300109 ൽ 20,49,383/- രൂപ 2019 മുതൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇതിന്റെ വിശദാംശം ഓഡിറ്റ് എൻക്വയറി നം.10/ തിയതി 21.02.2022 പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ആയതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനൗദ്യോഗികമായി നൽകിയ മറുപടിയിൽ , ഗ്രാമ പഞ്ചായത്ത് മുൻവർഷങ്ങളിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി (എസ്.ടി.) കേരള ജല അതോറിറ്റിക്ക് കൈമാറിയ തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന രൂപയാണ് പ്രസ്തുത തുകയെന്ന് അറിയിക്കുകയുണ്ടായി. 23.5.2018 ലെ 367472 നമ്പർ ചെക്ക് പ്രകാരം കേരള ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ (കാസറഗോഡ്) ഗ്രാമ പഞ്ചായത്തിന് നൽകിയ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (പനത്തടി സർവ്വീസ് സഹകരണ ബാങ്ക് ) സ്ഥിതി ചെയ്യുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| ചെറുപനത്തടി കുടിവെള്ള പദ്ധതി | 20,181/- |
| ചെറുപനത്തടി കുടിവെള്ള പദ്ധതി | 1,17,891/- |
| കൊള്ളിക്കൊച്ചി കുടിവെള്ള പദ്ധതി | 7,98,000/- |
| മുണ്ടമാണി കുടിവെള്ള പദ്ധതി | 6,38,624/- |
| മണാട്ടിക്കുണ്ട് കുടിവെള്ള പദ്ധതി | 4,74,687/- |

മേൽ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് കേരള ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ച വർഷം / പ്രൊജക്റ്റ് നമ്പർ എന്നിവ സംബന്ധിച്ച വിശദാംശം ഓഡിറ്റ് എൻക്വയറി നം.23/തിയതി 22.02.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2008-09&09-10, 2012-13&2013-14 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽ പരാമർശിച്ച പദ്ധതികൾക്കായി ജല അതോറിറ്റിക്ക് തുക കൈമാറിയത് സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പദ്ധതിയുടെ പേര് | ജല അതോറിറ്റിക്ക് കൈമാറിയ തുക | വൗച്ചർ നം/ബിൽ.നം |
|---|---|---|---|---|
| 2008-09& 2009-10 | 3(1) | ചെറുപനത്തടി കുടിവെള്ള പദ്ധതി | 2,15,000/- | 1/29.1.2010 |
| 2012-13 &2013-14 | 3(4) | കിള്ളിക്കൊച്ചി കുടിവെള്ള പദ്ധതി | 8,00,000/- | 675/11-12 തി.04.01.2012 |
| ,, | 3(4) | ചെറുപനത്തടി കോളനി കുടിവെള്ള പദ്ധതി | 10,00,000/- | 675/11-12 തി.04.01.2012 |
| ,, | 3(4) | മണാട്ടിക്കുണ്ട് കുടിവെള്ളപദ്ധതി | 4,76,905/- | 88/11-12 തി.28.03.2012 |
| ,, | 3(4) | മുണ്ടമാണി കുടിവെള്ള പദ്ധതി | 6,40,536/- | 87/11-12 തി.28.03.2012 |

മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം കൈമാറിയ തുകയിൽ അവശേഷിക്കുന്ന തുകയാണ് ആദ്യ പട്ടികപ്രകാരം തിരികെ ലഭിച്ചിട്ടുള്ളത്. തിരികെ ലഭിച്ച തുകകൾ ഏത് ഫണ്ടിൽ ഉൾപ്പെടുന്നതാണ് എന്ന കാര്യം പരിശോധിച്ച് ഉറപ്പാക്കിയശേഷം, വികസനഫണ്ട്/മറ്റ് സർക്കാർ ഗ്രാന്റ് എന്നിവയിൽ ഉൾപ്പെടുന്ന തുക എത്രയും വേഗം സർക്കാർ സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കി ചലാൻ രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ജല അതോറിറ്റിയിൽ നിന്നും 2018 ൽ ലഭിച്ച തുകയുടെ കൃത്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കാനിടയായതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 അങ്കണവാടി പോഷകാഹാരം -കേന്ദ്ര വിഹിതം-വിനിയോഗിക്കുവാൻ അവശേഷിക്കുന്നത് 15.70 ലക്ഷം രൂപ

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം അനുപൂരക പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം ഇനത്തിൽ വിവിധ വർഷങ്ങളിലായി ലഭിച്ച തുകകളിൽ 31.3.2020ൽ 15.70 ലക്ഷം രൂപ വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. 2019-20 വാർഷിക പദ്ധതിയിൽ ഈയിനത്തിൽ പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചത് 2.50 ലക്ഷം രൂപ മാത്രമാണ്. തുടർ വർഷങ്ങളിൽ കേന്ദ്ര വിഹിതം ഇനത്തിൽ അനുപൂരക പോഷകാഹാര പദ്ധതി നടത്തിപ്പിൽ കേന്ദ്രവിഹിതമിനത്തിൽ കൂടുതൽ തുക ഉൾപ്പെടുത്തി വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 അങ്കണവാടി വർക്കർമാരുടേയും,സഹായികളുടേയും ഹോണറേറിയം വിഹിതം നൽകൽ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 2019-20 വർഷം വികസനഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് കൈമാറേണ്ട തുക സംബന്ധിച്ച് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട് (വർക്കർമാർക്ക് 2200 രൂപ വീതവും, സഹായികൾക്ക് 1450 രൂപ വീതവും പ്രകാരം 21 അങ്കണവാടികൾക്കായി ആകെ 9,19,800 രൂപ ). പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്നു.(സ.ഉ.(സാധ) നം.2772/19 ധന തി.3.4.2019-₹3,06,600, സ.ഉ.(സാധ) നം.6105/19 ധന തി. 01.8.2019 -₹3,06,600, & സ.ഉ.(സാധ) നം.10050/19 ധന തി.21.12.2019 – ₹3,06,600,)

എന്നാൽ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പ്രൊജക്ട് നം 0011/2019-20 പ്രകാരം (അടങ്കൽ വി.ഫണ്ട്.4,39,927/- & തനത്ഫണ്ട് 4,79,873) വികസന ഫണ്ടിൽ നിന്നും 4,39,927/- രൂപയും തനത് ഫണ്ടിൽ നിന്നും 1,73,273/- രൂപയും ഉൾപ്പടെ 6,13,200/- രൂപ മാത്രമാണ് തൻവർഷം സർക്കാരിലേയ്ക്ക് കൈമാറിയിട്ടുള്ളത്. (3,06,600 രൂപ കുറവ്). സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഇനത്തിന് വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും തുക പൂർണ്ണമായി വിനിയോഗിക്കാമെന്നിരിക്കെ പ്രൊജക്ടിൽ തനത് ഫണ്ട് തുക വകയിരുത്തി ചെലവഴിക്കുകയും വികസനഫണ്ട് തുക ലാപ്സാക്കുകയും ചെയ്തത് മൂലം ഗ്രാമ പഞ്ചായത്തിന് ഫണ്ടിന് നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 2019-20 വർഷം സർക്കാരിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയിൽ കുറവ് വന്ന തുക (3,06,600 ) തുടർ വർഷം ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാരിലേയ്ക്ക് കൈമാറിയ തുകയിൽ കുറവ് വന്ന വിഷയവും , വികസനഫണ്ടിൽ നിന്നും പദ്ധതിയ്ക്കുള്ള മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്തത് മൂലം ഉണ്ടായ മാർഗ്ഗരേഖാ ലംഘനവും ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 24/ 22.02.2022)

## 1-26 കൃഷി ഓഫീസറുടെ പദ്ധതിനിർവ്വഹണത്തിലെ പോരായ്മകൾ

2019-20 വർഷം വിവിധ പ്രൊജക്ടുകളിലായി 18,32,728 രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി കളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്, പ്രൊജക്ട് നം | ബിൽ നം, തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | സമഗ്ര തെങ്ങ് കൃഷി പരിപാലനം പ്രൊജക്ട് നം.S0047/21 | 8/19-20/12-11-2019 | 105750 | 27 |
| | | 9/19-20/12-11-2019 | 285750 | 72 |
| | | 11/19-20/17-12-2019 | 58500 | 14 |
| | | 18/19-20/1-02-2020 | 88200 | 23 |
| | | 23/19-20/29-02-2020 | 31500 | 7 |
| | | ആകെ | 5,69,700 | |
| 2 | കവുങ്ങിന് ജൈവവളം പ്രൊജക്ട് നം.S0048/20 | 7/19-20/30-09-2019 | 225540 | 51 |
| | | 11/19-20/12-11-2019 | 124200 | 30 |
| | | 16/19-20/1-02-2020 | 38700 | 9 |
| | | 17/19-20/1-02-2020 | 145260 | 33 |
| | | 22/19-20/29-02-2020 | 22500 | 5 |
| | | ആകെ | 5,56,200 | |
| 3 | നെൽകൃഷിക്ക് കൂലിച്ചെലവ് പ്രൊജക്ട് നം. 0049/20 | 14/19-20/17-12-2019 | 85000 | 40 |
| | | 15/19-20/20-12-2019 | 85000 | 33 |
| | | ആകെ | 1,70,000 | |

| | | | | |
|---|---|---|---|---|
| 4 | കുള്ളൻ തെങ്ങിൻ തൈ വിതരണം<br>പ്രൊജക്ട് നം. 0050/20 | 5/19-20/30-09-2019 | 51,800 | 244 |
| 5 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് പ്രൊജക്ട് നം. 0051/20 | 26/19-20/29-02-2020 | 49,600 | 73 |
| 6 | കവുങ്ങിൻ തൈ വിതരണം പ്രൊജക്ട് നം. 0052/20 | 4/19-20/30-09-2019 | 1,10,625 | 167 |
| 7 | കുള്ളൻ തെങ്ങിൻ തൈ വിതരണം – (പട്ടിക വർഗ്ഗ വിഭാഗം)<br>പ്രൊജക്ട് നം. 0056/20 | 6/19-20/30-09-2019 | 20,600 | 83 |
| 8 | കവുങ്ങിൻ തൈ വിതരണം-(പട്ടിക വർഗ്ഗ വിഭാഗം) പ്രൊജക്ട് നം. 0057/20 | 8/19-20/30-09-2019 | 68,750 | 102 |
| 9 | തെങ്ങുകയറ്റയന്ത്രം- പട്ടികവർഗ്ഗസംഘങ്ങൾക്ക് പ്രൊജക്ട് നം.0058/20 | 21/19-20/1-02-2020 | 2326 | 1 |
| 10 | കാട്ടുകൊത്ത് യന്ത്രം -(പട്ടിക വർഗ്ഗ വിഭാഗം)<br>പ്രൊജക്ട് നം. 0059/20 | 20/19-20/1-02-2020 | 46,660 | 2 |
| | | 25/19-20/29-02-2020 | 22,565 | 1 |
| | | ആകെ | 69,225 | |
| 11 | തെങ്ങിന് ജൈവവളം പ്രൊജക്ട് നം. 0172/20 | 3/19-20/31-08-2019 | 20,250 | 5 |
| 12 | കവുങ്ങിന് ജൈവവളം പ്രൊജക്ട് നം. 0173/20 | 2/19-20/31-08-2019 | 9,000 | 2 |
| 13 | രാജപുരം കൃഷി ഓഫീസിന് UPS, 1 കമ്പ്യൂട്ടർ, 1 പ്രിന്റർ പ്രൊജക്ട് നം. 0174/20 | 1/19-20/28-06-2019 | 1,09,000 | 1 |
| 14 | കുമ്മായം, ഡോളമൈറ്റ് വിതരണം -തെങ്ങുകൃഷിക്ക്<br>പ്രൊജക്ട് നം. 0055/20 | 13/19-20/17-12-19 | 18,453 | 22 |
| | | 18/19-20/1-02-2020 | 5922 | 8 |
| | | ആകെ | 24,375 | |
| 15 | കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കളുടെ വിതരണം പ്രൊജക്ട് നം. 0301/20 | ചെക്ക് നം.5290031/31-03-2020 | 1277 | 30 |
| | | ആകെ തുക | 18,32,728 | |

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.3/18.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.)

1-27 വീട് വാസയോഗ്യമാക്കൽ പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല.

2019-20 വർഷം നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം (പ്രൊ.നം.0033/19-20) ആദ്യഗഡു നൽകിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി തുടർ ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | വൗച്ചർ നം. |
|---|---|---|---|
| 1 | നഫീസ.എം.എ | 32,500/- | 92/08.11.2019 |
| 2 | ഷാജി.വി.എം , ചിറക്കോട് | 32,500/- | 103/08.11.2019 |

ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവിന്റെ ഫയലിൽ 76,417/- രൂപയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും തുടർ ഗഡു നൽകിക്കാണുന്നില്ല. ഇക്കാര്യം സൂചിപ്പിച്ച് 21.2.2022 ന് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഗുണഭോക്താവ് ചികിത്സാർത്ഥം ബന്ധു വീടുകളിലേയ്ക്ക് താമസം മാറിയതിനാൽ രണ്ടാം ഗഡു നൽകാൻ സാധിച്ചിട്ടില്ലായെന്നും , ഗുണഭോക്താവ് തിരികെയെത്തി മോണിറ്ററിംഗ് സമിതി സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തുടർ ഗഡു നൽകുന്നതാണെന്നും അറിയിക്കുകയുണ്ടായി.

ക്രമ നം 2 പ്രകാരമുള്ള ഗുണഭോക്താവിന് പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകേണ്ടതും, മൂല്യ നിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി മേൽ പ്രകാരം നടത്തിയ 65,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.11/21.02.2022)

1-28 തുണി സഞ്ചി വിതരണം - നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ.

ശുചിത്വ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും തുണി സഞ്ചി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി പ്രകാരം (പ്രൊ.നം 0164/19-20) 2,19,800/- രൂപ (ട്രഷറി ബിൽ നം .00244936/ തി. 19.06.2019) പ്രകാരം ശ്രീമതി വിനീത എ.കെ. എന്നയാൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

എ) 2017-18 വർഷം നടപ്പിലാക്കുവാൻ ആവിഷ്കരിച്ച പദ്ധതിയ്ക്കായി 2017 നവംബർ മാസം ടെണ്ടർ വിളിക്കുകയും, ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ 2017 ഡിസംബറിൽ റീടെണ്ടർ വിളിക്കുകയും

ചെയ്തു. റീടെണ്ടറിൽ റെയ്ഡ്കോ എന്ന സ്ഥാപനം 1,22,500/- രൂപയ്ക്ക് 5,000/- കോട്ടൺ ബാഗുകൾ വിതരണം ചെയ്യാമെന്ന് ക്വാട്ട് ചെയ്തുവെങ്കിലും ഏക ടെണ്ടറായതിനാൽ ആയത് പരിഗണിച്ചില്ല. പിന്നീട് ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീലക്ഷ്മി ബാഗ്സ് & അഡ്വർടൈസിംഗ് എന്ന സ്ഥാപനത്തിന്റെ (51/-രൂപ ) ക്വട്ടേഷൻ ഭരണ സമിതിയുടെ 24.01.2019 ലെ 1/3 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ലഭിച്ച ക്വട്ടേഷനുകൾ, ക്വട്ടേഷൻ പ്രസിദ്ധീകരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി) റീടെണ്ടർ നടത്തിയപ്പോൾ ലഭിച്ച ടെണ്ടറിൽ റെയ്ഡ്കോ എന്ന സ്ഥാപനം 1,22,500/- രൂപയ്ക്ക് 5,000/- കോട്ടൺ ബാഗുകൾ വിതരണം ചെയ്യാമെന്ന് സമ്മതിച്ചിരുന്നു. ഇതനുസരിച്ച് 25 രൂപയാണ് ഒരു കോട്ടൺ ബാഗിന്റെ വില . പിന്നീട് ഒരു വർഷം കഴിഞ്ഞ് ക്വട്ടേഷൻ വിളിച്ച് നടപ്പിലാക്കിയപ്പോൾ തുണിസഞ്ചിയുടെ വില ഒന്നിന് 51/- രൂപ നിരക്കിലാണ് നൽകിയത്. പദ്ധതി നടപ്പിലാക്കുന്നതിൽ വന്ന കാല താമസം മൂലം പദ്ധതി വിഹിതത്തിൽ നിന്നും 1,10,000 രൂപയോളം അധികച്ചെലവ് ഉണ്ടായി. റീ ടെണ്ടർ വിളിച്ചപ്പോൾ ലഭിച്ച റെയിഡ്കോയുടെ ടെണ്ടർ നിരസിക്കുവാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

സി) തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രസീതി , വിതരണ സ്ഥാപനത്തിന്റെ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2390 മീറ്റർ തുണിയുടെ വിലയിനത്തിൽ 1,90,722/- രൂപ രേഖപ്പെടുത്തിയ വിനീത സിൽക്ക് പാണത്തൂർ എന്ന സ്ഥാനത്തിന്റെ ഇൻവോയ്സും (നം.4939/26.3.2019) , 4300 തുണി സഞ്ചി തുന്നിയതിന്റെ വിലയിനത്തിൽ 29,278/- രൂപ രേഖപ്പെടുത്തിയ ശ്രീലക്ഷ്മി ബാഗ്സ് &അഡ്വർടൈസിംഗ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സുമാണ് (നം.30/ 25.5.2019) ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ക്വട്ടേഷൻ ലഭിച്ച സ്ഥാപനത്തിൽ നിന്നും മുഴുവൻ തുകയ്ക്കുമുള്ള ഇൻവോയ്സ് ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) തുണി സഞ്ചികൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ നൽകിയ രസീതികളിൽ , വാർഡിൽ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുണി സഞ്ചികൾ കൈപ്പറ്റിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുഴുവൻ തുണി സഞ്ചികളും വാർഡുകളിൽ വിതരണം ചെയ്തത് സാധൂകരിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി നടത്തിയ 2,18,800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.22/22-02-2022)

1-29 ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. അറിയിക്കുകയുണ്ടായി . പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർഗഡുക്കൾ നൽകുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിഭാഗം | ഇതുവരെ നൽകിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | നാരായണി .പി.കെ | പട്ടിക വർഗ്ഗം | 5,00,000 | പ്ലാസ്റ്ററിംഗ് |
| 2 | ലളിത W/o സുരേന്ദ്രൻ | ,, | 5,00,000 | ,, |
| 3 | തമ്പായി W/o കുഞ്ഞിരാമൻ | ,, | 4,66,000 | ,, |
| 4 | കുമ്പ W/o ചിങ്കം | ,, | 5,00,000 | ,, |
| 5 | പ്രതീക്ഷ W/o സുനിൽ | ,, | 5,00,000 | ,, |

| | | | | |
|---|---|---|---|---|
| 6 | ശാന്ത.പി.ആർ | ,, | 4,66,000 | റൂഫ് |
| 7 | പള്ളിച്ചി W/o സുകുമാരൻ | ,, | 4,00,000 | ,, |
| 8 | തങ്കമണി W/o രാജൻ | ,, | 5,00,000 | ,, |
| 9 | ശ്രീന.എച്ച് | ,, | 4,00,000 | ,, |
| 10 | ശാന്ത .എം പെരിങ്കയ | ,, | 80,000 | തറ |
| 11 | നാരായണി കുട്ടംബൂർ | ,, | 4,00,000 | റൂഫ് |
| 12 | അജിത.ഡി, അഞ്ജനമുക്കട് | ,, | 4,00,000 | റൂഫ് |
| 13 | നിഷ.കെ | ,, | 3,00,000 | മേൽക്കൂര |
| 14 | ഗീത.സി.വി | ,, | 4,00,000 | പ്ലാസ്റ്ററിംഗ് |
| 15 | ബാലാമണി W/o സുകുമാരൻ | ,, | 2,00,000 | തറ |
| 16 | അമ്മിണി മുണ്ടമാണി | പട്ടിക ജാതി | 40,000 | തറ |

1-30 മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ആദായ നികുതി കുറവു ചെയ്തില്ല

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറു കാരന് | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|
| 1 | അരക്കംകാട് ഒന്നാംമൈൽ റോഡ് പരിഷ്കരണം | എ സുരേഷ് കുമാർ | 164160 | 543090/ 01.02.2020 | 1641 |
| 2 | അയ്യങ്കാവ് മണിക്കല്ല് പാലച്ചുരം റോഡ് പരിഷ്കരണം | എ സുരേഷ് കുമാർ | 151200 | 543086/ 01.02.2020 | 1512 |
| 3 | കൊള്ളിക്കൊച്ചി-ഓണി (കോളനി) പാലച്ചുരം റോഡ് പരിഷ്കരണം | എ സുരേഷ് കുമാർ | 172800 | 519370/ 23.01.2020 | 1728 |

| | | | | | |
|---|---|---|---|---|---|
| 4 | വാഴവളപ്പ് ചീറ്റക്കാൽ റോഡ് പരിഷ്കരണം | എം ഡി സെബാസ്റ്റ്യൻ | 197982 | 543061/ 01.02.2020 | 1979 |
| 5 | തെക്കേ അഞ്ചാല -വടക്കേ അഞ്ചാല റോഡ് പരിഷ്കരണം | ജോബ് സി സുരേഷ് | 172455 | 532789/ 29.01.2020 | 1724 |
| | | | | ആകെ | 8,584/- |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നം. 21/22.02.2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 15.02.2022 & 16.02.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,20,000 | പ്രൊ.0098/19-20 ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,20,000 | പ്രൊ.0105/19-20 ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 5,20,000 | 0 |
| ബ്ലോക്ക് | 2019-20 | 1,89,200 | പ്രൊ.0008/19-20 ശാരീരിക | 1,89,200 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50,000 | പ്രൊ.നം 0170/19-20 ലൈഫ് ഹൗസിംഗ് സ്കീം (എസ്.സി ) സ്പിൽ ഓവർ | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,53,048 | പ്രൊ.0044/19-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,53,048 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 85,000 | പ്രൊ.0044/19-20 നെൽ കൃഷി കൂലിച്ചെലവ് | 85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,66,256 | പ്രൊ.0044/19-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,66,256 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,41,000 | പ്രൊ.0105/19-20 ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 2,41,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,89,800 | പ്രൊ.0008/19-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 1,89,800 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പ മുന്നിരിപ്പ്, തൻവർഷ വരവ് , തിരിച്ചടവ്, വർഷാവസാന ബാദ്ധ്യത എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ് നം, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018 /തസ്വഭവ, തിയതി 18.05.2018 | 2,20,79,421 | 1,75,05,000 തൻവർഷ വരവ് ₹45,74,421 ആകെ 2,20,79,421 | 16,61,765 | 0 | 2,04,17,656 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 18,479/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 2018-19 | ഖ.3(1) | 11,769/- | രാജേഷ് കുമാർ.എ.കെ , അസി.എഞ്ചിനിയർ & കുഞ്ഞുമോൻ കെ.എം , അസി.എക്സി.എഞ്ചിനിയർ | 119030102702 തി.13.12.2019 |
| 2018-19 | ഖ.3(1) | 6,710/- | രാജേഷ് കുമാർ.എ.കെ , അസി.എഞ്ചിനിയർ | 119030102425 തി.29.11.2019 |

| | | | | |
|---|---|---|---|---|
| | | 18,479/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കള്ളാർ ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2.4 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി റിട്ടേൺ -അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| അവലോകന റിപ്പോർട്ട് | 3.4 | 2012-13 | 3.4.5.1,<br>3.4.5.2<br>3.4.5.3<br>3.4.5.4<br>3.4.5.5<br>3.4.5.8 | തൊഴിലുറപ്പ് പദ്ധതി | |

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,40,64,820 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,37,47,626 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14,94,030/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,64,160/- | ജോസഫ് എം.ചാക്കോ സെക്രട്ടറി |
| 1-19 | 72,070/- | ജോസഫ് എം.ചാക്കോ സെക്രട്ടറി |
| 1-20 | 1,28,000/- | സനിൽ കുമാർ.ജി , അസി.സെക്രട്ടറി |
| 1-21 | 4,95,000/- | സനിൽ കുമാർ.ജി , അസി.സെക്രട്ടറി |
| 1-22 | 50,000/- | ജോസഫ് എം.ചാക്കോ സെക്രട്ടറി |
| 1-27 | 65,000/- | ഉമേഷ് കുമാർ.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-28 | 2,19,800 | രാജു കെ.എസ് , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | ₹14,94,030/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | .ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(1)/2019 തിയതി. 03-08-2021 | 1 |
| 2003-2004 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(2)/2019 തിയതി. 03-08-2021 | 2 |
| 2004-2005 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(3)/2019 തിയതി. 03-08-2021 | 3 |
| 2005-2006 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(4)/2019 തിയതി. 03-08-2021 | 5 |
| 2006-2007 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(5)/2019 തിയതി. 03-08-2021 | 3 |
| 2007-2008 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(6)/2019 തിയതി. 03-08-2021 | 1 |
| 2008-09 & 2009-10 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(7)/2019 തിയതി. 03-08-2021 | 9 |
| 2010-11 & 2011-12 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(8)/2019 തിയതി. 03-08-2021 | 1 |
| 2012-13 &2013-14 | നം.കെ.എസ്.എ.കെ.എസ്.ഡി.10/553/2018(2) തിയതി. 02-06-2018 | 3 |
| 2014-15 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(9)/2019 തിയതി. 03-08-2021 | 8 |
| 2015-16 | നം.കെ.എസ്.എ.കെ.എസ്.ഡി.10/553/2018(4) തിയതി. 03-08-2021 | 1 |

| | | |
|---|---|---|
| 2016-17 | നം.കെ.എസ്.എ.കെ.എസ്.ഡി.10/578(10)/2019 തിയതി. 03-08-2021 | 14 |
| 2017-18 | നം.കെ.എസ്.എ.കെ.എസ്.ഡി-10 /099/2019, തിയതി 31.01.2019 | 10 |
| 2018-19 | നം.കെ.എസ്.എ.കെ.എസ്.ഡി-10 /992/2019, തിയതി 06.11.2019 | 27 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kallar Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4427717.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 240496.00 |
| 140000000 | Fee & User Charges | I-4(b) | 591633.00 |
| 150000000 | Sale & Hire Charges | I-5(b) | 397200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 91386699.00 |
| 171000000 | Interest Earned | I-8 | 399394.00 |
| | Total Income | | 97443139.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9242604.00 |
| 220000000 | Administrative Expenses | I-11(b) | 1401483.00 |
| 230000000 | Operations & Maintenance | I-12(b) | 402933.00 |
| 240000000 | Interest & Finance Charges | I-13 | 654.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4276040.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58159363.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 546130.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 285994.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 15660880.00 |
| 255000000 | Maintenance Projects | I-14(e) | 5944671.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 376939.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 75000.00 |
| | Total Expenditure | | 96372691.00 |
| | Gross Surplus/ Deficit of income over Expenditure | | 1070448.00 |
| 280000000 | Prior Period Item | I-18 | -17362836.85 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18433284.85 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kallar Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18271321.50 |
| Cash | Cash | RP-40(a) | 4205.50 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1175930.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 470233.00 |
| 150000000 | Sale & Hire Charges | RP-5 | 397200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39587637.00 |
| 171000000 | Interest Earned | RP-9 | 399394.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13214519.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 212922.00 |
| | Non Operating | | |
| 330000000 | Secured Loans | RP-32 | 4574421.00 |
| 340000000 | Deposits Received | RP-34 | 10700.00 |
| 350000000 | Other Liabilities | RP-36 | 561843.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3449521.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 82340347.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3370435.00 |
| 220000000 | Administrative Expenses | RP-12 | 1399183.00 |
| 230000000 | Operations & Maintenance | RP-13 | 401987.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3841742.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29423349.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 546130.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 285994.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 517080.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 5944671.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 376939.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 75000.00 |
| 280000000 | Prior Period item | RP-26 | -18579.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 91951.00 |
| 350000000 | Other Liabilities | RP-36 | 4365809.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 654.00 |
| 280000000 | Prior Period Item | RP-26 | -87.00 |
| 340000000 | Deposits Received | RP-34 | 21840.00 |
| 350000000 | Other Liabilities | RP-36 | 1822847.00 |
| 410000000 | Fixed Assets | RP-38 | 5398367.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 2056.00 |
| 440000000 | Pre-paid Expenses | RP-45 | 4544421.00 |
| 460000000 | Loans, Advances and Deposits | RP-47 | 1335837.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18592720.50 |
| Cash | Cash | RP-40(b) | 0.50 |
| | Grand Total | | 82340347.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| Kallar Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -10982278.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 49910552.00 |
| | Total Reserve & Surplus | | 38928274.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13015037.00 |
| | Total Grants, Contributions for Specific Purposes | | 13015037.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 20417656.00 |
| | Total Loans | | 20417656.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 302954.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3216087.00 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 3519041.00 |
| | TOTAL LIABILITIES | | 75880008.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 65241865.00 |
| 411000000 | Accumulated Depreciation | B-11 | -29549092.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 35692773.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 49992.00 |
| 440000000 | Pre-paid Expenses | B-16 | 20387656.00 |
| 450000000 | Cash and Bank Balance | B-17 | 18592721.00 |
| 460000000 | Loans, Advances and Deposits | B-18 | 1156866.00 |
| | Total Current Assets, Loans and Advances | | 40187235.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 75880008.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.